സംബന്ധിച്ച് ആലോചിക്കാൻ കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ടെന്നുള്ള മറുപടിയായിരുന്നു ഞാൻ ഇവിടെ പറഞ്ഞത്. അവർ സാങ്കേതിക വശവും സാമ്പത്തികവശവുമെല്ലാം പഠിച്ച് അവരുടെ റിപ്പോർട്ട് ഗവൺമെൻറിനു നൽകികഴിഞ്ഞിട്ടുണ്ട്. ഏകദേശം 60 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതിയാണ് അവർ നൽകിയിട്ടുള്ളത്. ഈ കൊല്ലം ബഡ്ജറ്റിൽ പണമില്ലാത്തതുകൊണ്ട് കാബിനറ്റിന്റെ പ്രത്യേക അനുമതിയോടുകൂടി അതിന് സാംഗ്ഷൻ നൽകി ഈ വർഷം തന്നെ അതിന്റെ പ്രവൃത്തി തുടങ്ങണമെന്നുള്ള ദൃഢനിശ്ചയത്തോടു കൂടിയാണ് ഗവൺമെൻറ് മുന്നോട്ടു പോകുന്നത്. അതുകൊണ്ട് താമസംവിനാ അതിന്റെ പ്രവർത്തനം ആരംഭിക്കുമെന്നു മാത്രം ബഹുമാനപ്പെട്ട മെമ്പറെയും ഈ സഭയേയും ഞാൻ അറിയിക്കുകയാണ്.

(2) കണ്ണൂർ ജില്ലയിലെ ശുദ്ധജല ദൗർലഭ്യം

ശ്രീ. എം. വി. രാഘവൻ : സർ, കണ്ണൂർ ജില്ല ഏതാണ്ട് ഒരു വരൾച്ചയുടെ വക്കിലാണ് എത്തിച്ചേർന്നിരിക്കുന്നത്. പ്രത്യേകിച്ചും കണ്ണൂർ, തലശ്ശേരി താലൂക്കുകളിലെ കിണറുകൾ വറ്റി വെള്ളമില്ലാതായിരിക്കുകയാണ്. ആ വിവരം അവിടത്തെ നിയമസഭാ മെമ്പർമാർ കഴിഞ്ഞ അസംബ്ലിയിൽ പറഞ്ഞതാണ്. അഞ്ചരക്കണ്ടി പദ്ധതിയിൽ വെള്ളമില്ല. വെള്ളമുണ്ടെങ്കിൽ തന്നെ കീഴല്ലൂരിൽ പമ്പിംഗ് നടക്കുന്നില്ല ഇതിന്റെ ഫലമായിട്ട് മാസത്തിൽ ഒരു പ്രാവശ്യം പോലും വെള്ളം കിട്ടാത്തതാണ് നഗരത്തിലെ ജനങ്ങളുടെ സ്ഥിതി, 16,000 ശ ലക്ഷം ഗ്യാലൻ ജലം ഒരു ദിവസം വേണമെന്നാണ് വയ്പ്. അതിനു പകരം അതിന്റെ നാലിലൊന്നുപോലും ഇപ്പോൾ കിട്ടുന്നില്ല. ഒരു മാസം വെള്ളം കിട്ടിയില്ലെങ്കിലും അതിന്റെ കാശ് അടയ്ക്കണമെന്നാണ് വ്യവസ്ഥ. കഴിഞ്ഞ വർഷം നമ്മുടെ വാട്ടർ ആൻറ് വെയിറ്റർസ് വാട്ടർ മന്ത്രി ഗംഗാധരൻ 70 ലക്ഷം ഉറുപ്പികയുടെ ഒരു താൽക്കാലിക സ്കീം ഉണ്ടാക്കി. അത് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പക്കലെത്തിയെന്നാണ് പറയുന്നത്. ധനകാര്യ വകുപ്പിൽ നിന്ന് ഇപ്പോഴത് നിയമവകുപ്പിൽ എത്തിയെന്നാണ് പറയുന്നത്. എന്തു നിയമമാണെന്ന് അറിയില്ല, പൈപ്പിനെപ്പറ്റി ഇപ്പോൾ നിയമവകുപ്പ് പരിശോധിക്കുകയാണെന്നാണ് പറയുന്നത്. ധനകാര്യ വകുപ്പിൽ നിന്ന് ഇപ്പോൾ നിയമവകുപ്പിലേക്ക് പോയിരിക്കുകയാണ്. രണ്ടും ബഹുമാനപ്പെട്ട മാണിയുടെ വകുപ്പാണ്. ഈ മന്ത്രിമാർ അവിടെ പോകുമ്പോൾ ഗസ്റ്റ് ഹൗസിൽ ആരെങ്കിലും വെള്ളം ചുമന്നുകൊണ്ടു കൊടുക്കുന്നുണ്ടാകും. ഇപ്പോൾ ഇവിടെ വെള്ളത്തിനുവേണ്ടിയുള്ള പാത്രങ്ങളുടെ ഘോഷയാത്രയാണ്. ഒരു പത്രപ്രവർത്തകൻ തന്നെ എന്നോടു പറഞ്ഞു, രാവിലെ ഉറക്കമെണീറ്റാൽ റോഡിൽ കൂടി നടക്കാൻ കഴിയുന്നില്ല എന്ന്. അത്രയുണ്ട് വെള്ളത്തിന്റെ വൈഷമ്യം. പൈപ്പിൽ വെള്ളമില്ലാ. വെള്ളം കിട്ടുന്നില്ല സർ, ഞാൻ ഒരു ആശുപത്രി നടത്തുകയാണ്, കോപ്പറേറ്റീവ് ആശുപത്രിയാണത്. അഞ്ചുകൊല്ലമായി ആശുപത്രിക്ക് പൈപ്പ് കണക്ഷൻ കിട്ടിയിട്ട്. ഇതുവരേയും വെള്ളം കിട്ടിയില്ല അതാണ് അവിടത്തെ സ്ഥിതി. ഇപ്പോൾ അവിടെയുള്ള ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്ത് അടിയന്തിരമായി നടത്തേണ്ട ഒരു കോടി ഉറുപ്പികയുടെ സ്കീം അയച്ചിട്ടുണ്ടെന്നാണ് പറയുന്നത്. ഈ ബഡ്ജറ്റു വർഷത്തിൽ തന്നെ അത് നടപ്പിൽ വരുത്താൻ സാധിക്കുമോ ? അതിനുള്ള പണമുണ്ടോ എന്താണ് ഗവൺമെൻറ് ചെയ്യാൻ പോകുന്നത് ? ഈ ഭാരുണമായ സ്ഥിതിയെപ്പറ്റി മുഖ്യമന്ത്രി പറയണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കണ്ണൂർ, തലശ്ശേരി പട്ടണങ്ങളിലെ ശുദ്ധജല ദൗർലഭ്യം അനുഭവിക്കാത്തവരാരും തന്നെ ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ ഉണ്ടാവുമെന്ന് എനിക്കു തോന്നുന്നില്ല. അത്രയധികം ബുദ്ധിമുട്ടുകൾ അവിടെയുണ്ട്. 178 ലക്ഷം രൂപ മുതൽമുടക്കുള്ള ഒരു താൽക്കാലിക പദ്ധതിയുണ്ട്. അഞ്ചരക്കണ്ടിപ്പുഴയ്ക്ക് ബണ്ടുകെട്ടി വെള്ളം സംഭരിക്കാനുള്ള ഒരു പദ്ധതിയാണ്. അതിന്റെ പണി ഏതാണ്ട് നടന്നു വരികയാണ്. വേഗത്തിൽ അത് തീർക്കുമെന്ന് പ്രതീക്ഷിക്കുന്നു. അഞ്ചരക്കണ്ടി മുതൽ മൈലാടി വരെയുള്ള പൈപ്പുലൈൻ പല സ്ഥലത്തും പൊട്ടിയിരിക്കുന്നതുകൊണ്ട് ഉള്ള വെള്ളം തന്നെ ശരിക്കു ഒഴുക്കി വിടാൻ സാധിക്കുന്നില്ല. അതുകൊണ്ട് അവിടെ കാസ്റ്റ് അയേൺപൈപ്പുകൾ ഇടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനുള്ള പ്രൊപ്പോസൽ ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. അത് വേഗത്തിൽ ക്ലീയർ ചെയ്ത് അതിനുള്ള നടപടികൾ സ്വീകരിക്കാം. അതോടൊപ്പം, 250 ഹോഴ്സ് പവർ ഉള്ള രണ്ട് പമ്പു സെറ്റുകൾ കൂടി സ്ഥാപിക്കാനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. അതുപോലെ തന്നെ കക്കാട് ഓവർ ഹെഡ് ടാങ്കിന്റെ പണിയുടെ ഏതാണ്ട് 80 ശതമാനം പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. മൈലാടിയിൽ സ്ഥാപിക്കാനുള്ള ജലശുദ്ധീകരണ ശാലയുടെ ജോലിക്ക് ലഭിച്ചിട്ടുള്ള ടെൻഡറുകളും പരിശോധിച്ചു വരികയാണ്. വേനൽക്കാലം ആരംഭിച്ചതോടെ അഞ്ചരക്കണ്ടിയിലെ വെള്ളത്തിന്റെ ദൗർലഭ്യം വർദ്ധിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അവിടത്തെ വെള്ളത്തിന്റെ കുറവ് പരിഹരിക്കുവാൻ വേണ്ടി പഴശ്ശിജല സംഭരണിയിൽ നിന്ന് വെള്ളം പമ്പ് ചെയ്യാനുള്ള സജ്ജീകരണങ്ങൾ ഇതൊക്കെയാണെങ്കിലും വെള്ളം ടൗണിൽ പല സ്ഥലത്തും എത്തുന്നില്ലെന്നുള്ളതാണ് സത്യം. ഇതിന്റെ സ്റ്റാംഗ്ഷൻ കൊടുത്ത് പണി വേഗത്തിൽ നടത്താൻ ആവശ്യപ്പെടാം. റൂറൽഏരിയായിൽ ഏതാണ്ട് 71 ശുദ്ധജലവിതരണ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. അതോടൊപ്പം 205 കുഴൽ കിണറുകളുടെയും പണി ഘട്ടംഘട്ടമായി പുരോഗമിച്ചു വരികയാണ്. ഇതിനെയാകെ പ്രവൃത്തി അതിവേഗത്തിൽ പൂർത്തിയാക്കി വെള്ളം കൊടുക്കാനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്.

(4) ശ്രീ. സി. കെ. കുമാരന് നേരെയുള്ള ആക്രമണം

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സർ, തൃശ്ശൂർ ജില്ലയിൽ ഒരു പ്രത്യേക ഭാഗത്ത് നിലനിൽക്കുന്ന ഗുരുതരമായ ക്രമസമാധാനനിലയെക്കുറിച്ച് ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മാർച്ച് 6-ാം തീയതി തൃശ്ശൂർ ജില്ലയിൽ ഏറ്റവും അറിയപ്പെടുന്ന ഒരു പ്രമുഖ രാഷ്ട്രീയ നേതാവായ ശ്രീ. സി. കെ. കുമാരൻ, ബസ്സിൽ നിന്നിറങ്ങി വീട്ടിലേക്ക് പോകുമ്പോൾ രാത്രി 9 മണിയോടുക്കൂടി ആർ. എസ്സ് എസ്സ് എസ്സിന്റെ ആക്രമികൾ പതിയിരുന്ന് അദ്ദേഹത്തെ മാരകമായി വധിക്കാൻ ശ്രമിച്ചു. സർ, ഞങ്ങളൊക്കെ ബസ്സിറങ്ങിയാണ് വീട്ടിലേക്ക് പോകുന്നത്. ഞങ്ങൾക്ക് കാർ സമ്പാദിക്കുവാൻ കഴിഞ്ഞിട്ടില്ല. അവിടെ കുമാരനല്ല ആർക്കും സംഭവിക്കാവുന്ന കാര്യമാണിത്. ഒരു സംഘർഷം അവിടെ നിലനിൽക്കുകയാണ്. ഈ ആർ. എസ്സ് എസ്സ് കാർ കുമാരനെവെട്ടിക്കാലപ്പെടുത്തുവാൻ ശ്രമിച്ചു. ഇപ്പോൾ മെഡിക്കൽകോളേജ് ആശുപത്രിയിലാണ്. അദ്ദേഹം രക്ഷപ്പെടും. രണ്ടു ദിവസം കഴിഞ്ഞ് പുന്നയൂർ എന്ന സ്ഥലത്ത് ശിവരാത്രി ദിവസം അവർ രണ്ടുപേരെ കുത്തി. അവരെ മെഡിക്കൽകോളേജ് ആശുപത്രിയിലാക്കി. ചാവക്കാട് എന്ന സ്ഥലത്ത് അന്നുതന്നെ ഇന്ദിരാകോൺഗ്രസുക്കാരെയും തല്ലി ശരിപ്പെടുത്തി ആ പ്രദേശത്ത് അവർ പക്ഷപാതം കാണിച്ചില്ല. അവിടെ അവർ അഴിഞ്ഞാടുകയാണ്. പോലീസിന്റെ അന്വേഷണമില്ല. പോലീസ് അന്വേഷിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly